"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - ചെങ്കള സർവ്വീസ് സഹകരണബാങ്ക് ലി.നം.എസ്.66 ന് അനുവദിച്ച എൻ.സി.ഡി സി ധനസഹായം ഡി സാങ്ഷൻ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.178/2026/Co-Op തീയതി,തിരുവനന്തപുരം, 17-03-2026

---

പരാമർശം:-

1. 31/03/2023 ലെ എൻ സി ഡി സി 13-4/2023 (TVM)/1299/SB/20901 നം കത്ത്
2. സ.ഉ (സാധാ) നം.372/2023/സഹ തീയതി 19/06/2023
3. സഹകരണ സംഘം രജിസ്ട്രാറുടെ 28/11/2025, 31/01/2026 എന്നീ തീയതികളിലെ പി&എം എ (3)12287/2024 നം.കത്ത്
4. 09/05/2024 ലെ എൻ.സി.ഡി.സി 34-1/2017(റ്റി.വി.എം) നം.കത്ത്

**<u>ഉത്തരവ്</u>**

ചെങ്കള സർവ്വീസ് സഹകരണ ബാങ്കിന് ഫാർമേഴ്സ് സർവ്വീസ് സെന്ററിനുള്ള എൻ.സി.ഡി.സി ധനസഹായമായി 30.00ലക്ഷം രൂപ അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി ലഭിച്ചിരുന്നു. ടി തുക 2023-2024 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം റിലീസ് ഉത്തരവ് നൽകിയിരുന്നു. ചെങ്കള സർവ്വീസ് സഹകരണ ബാങ്കിലെ ഗുരുതരമായ ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബാങ്കിന് നഷ്ടമായിട്ടുള്ള തുക ബാങ്കിലേയ്ക്ക് ഈടാക്കുന്നതിന് 1969 ലെ കേരള സഹകരണ നിയമം വകുപ്പ് 68(2) പ്രകാരം ജീവനക്കാർക്കെതിരെയും, മുൻ ജീവനക്കാർക്കെതിരെയും, ഭരണസമിതി അംഗങ്ങൾക്കെതിരെയും സർച്ചാർജ് ചെയ്ത് കാസർഗോഡ് ജോയിന്റ് രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.ആയതിൻ പ്രകാരം തുടർനടപടികൾ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ അനുമതി ലഭിച്ച എൻ.സി.ഡി.സി ധനസഹായം ഡീ - സാങ്ഷൻ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം

(3) കത്തുകൾ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചെങ്കള സർവ്വീസ് സഹകരണ ബാങ്കിന് ഫാർമേഴ്സ് സർവ്വീസ് സെന്ററിനുള്ള എൻ.സി.ഡി.സി ധനസഹായമായി മാർജിൻമണിയിനത്തിൽ അനുവദിച്ച 30 ലക്ഷം രൂപ ഡി-സാങ്ഷൻ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/10/2023/ധന )

വെബ് & ന്യൂ മീഡിയ, കരുതൽ ഫയൽ.(ബി3/264/2025/സഹ)

ഉത്തരവിൻ പ്രകാരം

Signed by
Priyanka T V
Date: 18-03-2026 13:06:47

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.